പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *253 — 10.03.2017-ൽ മറുപടിയ്ക്ക്

## റോഡ് സുരക്ഷാ കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ്<br>,, പി.ഉബൈദുള്ള<br>ഡോ.എം. കെ. മുനീർ: | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) ബഹു.സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. അവ ചുവടെ ചേർക്കുന്നു. |

| | |
|---|---|
| 1 | ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി അവയുടെ മുൻഗണനാക്രമം അനുസരിച്ച് പരിഹരിക്കുകയും, പരിഹരിച്ചവ എത്രത്തോളം ഫലപ്രദമായി എന്ന് പരിശോധിക്കുകയും ചെയ്യുന്നതിനു വേണ്ടി ആവശ്യമായ തുക കൂടി ഉൾപ്പെടുത്തി ഒരു കലണ്ടർ രൂപീകരിക്കണം. |
| 2 | സ്റ്റേറ്റ് റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ രൂപീകരിക്കുക |
| 3 | ട്രോമ കെയർ സെന്റർ ഉയർന്ന നിലവാരത്തിലേയ്ക്ക് ആക്കുകയും, ട്രോമാ രോഗികളെ സെന്ററിൽ കൊണ്ടു വരുന്നതിനു മുമ്പായി അവരെ തിരിച്ചറിയുന്നതിനായ് പ്രീ-ഹോസ്പിറ്റൽ ട്രോമ ടെക്നീഷ്യൻ സെന്റർ രൂപീകരിക്കുക. |
| 4 | സിനിമ പ്രദർശനത്തിന് മുമ്പായി റോഡ് സേഫ്റ്റിയെക്കുറിച്ച് ഷോർട്ട് ഫിലിം പ്രദർശിപ്പിക്കാൻ തീയേറ്ററുകൾക്ക് നിർദ്ദേശം നൽകുക. |
| 5 | പത്തു കോടിയിൽ കൂടുതൽ |

| | |
|---|---|
| | നിർമ്മാണച്ചെലവ് വരുന്ന റോഡ് നിർമ്മാണ പദ്ധതികളുടെ രൂപഘടന, നിർമ്മാണം, പരിപാലനം എന്നീ ഘട്ടങ്ങളിലെല്ലാം തന്നെ റോഡ് സുരക്ഷാ ആഡിറ്റ് പ്രത്യേക സംഘം മുഖാന്തിരം നടപ്പാക്കുക. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് റോഡ് സുരക്ഷ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഒരു കലണ്ടർ പ്രകാരം പരിശീലനം നൽകുക. |
| 6 | ദേശീയ/സംസ്ഥാന ഹൈവേകളിൽ ചേരുകയോ, ആരംഭിക്കുകയോ ചെയ്യുന്ന റോഡുകളിൽ ' സ്പീഡ് കാമിങ്ങ് ' സംവിധാനങ്ങൾ ഏർപ്പെടുത്തുക. |
| 7 | വാഹനഗതാഗതത്തിനോ, വഴിയാത്രക്കാർക്കോ തടസ്സമുണ്ടാകുന്ന തരത്തിൽ റോഡുകളിലുള്ള അനധികൃത കയ്യേറ്റങ്ങൾ മുതലായവ ഇല്ലാതാക്കുക. |

**(ബി)** പ്രസ്തുത നിർദ്ദേശങ്ങൾ **(ബി)** നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

21.12.2016-ൽ ചേർന്ന യോഗം റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ അംഗീകരിക്കുകയും താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| 1 | റോഡിൽ സ്ഥിരമായി പാർക്കു ചെയ്യുന്ന വാഹനങ്ങൾ കണ്ടെത്തുകയും, കർശന നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. |
| 2 | റോഡ് കൈയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നോട്ടീസ് അടിയന്തിരമായി നൽകേണ്ടതാണ്. കണ്ടം ചെയ്ത വാഹനങ്ങൾ, കെ.എസ്.ഇ.ബി. പോസ്റ്റുകൾ, കേരള വാട്ടർ അതോറിറ്റി പൈപ്പുകൾ |

| | |
|---|---|
| | തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പുകൾ റോഡുകളിൽ നിന്നും അടിയന്തിരമായി മാറ്റേണ്ടതാണ്. |
| 3 | പൊതുമരാമത്ത് വകുപ്പിന്റെ അനുവാദമോ അറിവോ ഇല്ലാതെ പോസ്റ്റുകളും, പൈപ്പുകളും റോഡിൽ ശേഖരിക്കുന്നതുമൂലമുണ്ടാകുന്ന അപകടങ്ങൾക്കും, ജീവഹാനിക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അതാത് വകുപ്പുകൾ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 4 | അപകടമുണ്ടാക്കുന്നതും, അനാവശ്യവുമായ മരങ്ങൾ മുറിച്ച് മാറ്റേണ്ടതാണ്. ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നത് നന്നായിരിക്കും. |
| 5 | അവ്യക്തവും, തെറ്റിദ്ധരിപ്പിക്കുന്നതുമായ സൈൻ ബോർഡുകൾ ഉടൻ തന്നെ മാറ്റുകയും, പുതിയവ സ്ഥാപിക്കേണ്ടതുമാണ്. |
| 6 | റോഡ് സുരക്ഷാ ആക്ഷൻ പ്ലാൻ, റോഡ് സുരക്ഷാ പോളിസി, പ്രോട്ടോക്കോൾ എന്നിവ നാറ്റ്പാക്ക് മുഖേന കേരള റോഡ് സുരക്ഷാ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. |
| 7 | കേരളത്തിലെ റോഡുകളിൽ 355 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും, അവയെ 5 ആയി തരംതിരിച്ച് (അപകട സാധ്യതയുടെ അടിസ്ഥാനത്തിൽ) പട്ടിക തയ്യാറാക്കി - യിട്ടുണ്ട്. പ്രസ്തുത 355 ബ്ലാക്ക് സ്പോട്ടുകളുടെ പട്ടിക എല്ലാ റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അയച്ചു കൊടുക്കുകയും, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളുമായി സംയുക്ത പരിശോധന നടത്തി അവയുടെ നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അതാത് ജില്ലാ റോഡു സുരക്ഷാ അതോറിറ്റി |

[redacted] [redacted]

| | |
|---|---|
| | മുഖാന്തിരം ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അവയുടെ പ്രഥമ പരിഗണനാ വിഭാഗത്തിലുള്ള 42 എണ്ണത്തിന് അടിയന്തിര പ്രാധാന്യം നൽകി നിവാരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 8 | പത്ത് കോടിയിലധികം നിർമ്മാണ ചെലവ് ആവശ്യമായ റോഡുകളിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുന്നതിനായി ഉത്തരവായിട്ടുണ്ട്. ആയത് നിർവ്വഹിക്കാനാവശ്യമായ ഉദ്യോഗസ്ഥ സംഘത്തെ രൂപീകരിക്കുന്നതി -നുള്ള നിർദ്ദേശത്തിന്മേൽ തുടർ നടപടി സ്വീകരിച്ചുവരുന്നു |
| 9 | 'അനധികൃത കൈയ്യേറ്റങ്ങൾ, സ്പീഡ് കാമിങ്ങ്' എന്നീ വിഷയങ്ങളിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ബഹു.സുപ്രീം കോടതി കമ്മിറ്റിയെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**(സി)** യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഇതോടനുബന്ധിച്ച് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

**(സി)** ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും, അതിന്റെ ലിസ്റ്റ് അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അയച്ച് കൊടുത്ത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലാക്ക് സ്പോട്ട് ഓഡിറ്റ് നടത്തി ശാശ്വതമായ പരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

എല്ലാ അനധികൃത കൈയ്യേറ്റക്കാരും ഒഴിയുന്നതിനു വേണ്ടി നോട്ടീസ് നൽകുകയും,

[redacted] [redacted]

ഒഴിഞ്ഞുപോകാത്ത കുടിയേറ്റക്കാരെ ഒഴിപ്പിക്കുന്നതിലേയ്ക്കായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഒഴിവാകാത്തവരുടെ പേരിൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് കേസ്സെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെ നീളുന്ന ഒരുമാസക്കാലം സംസ്ഥാനത്ത് റോഡ് സുരക്ഷ ഉറപ്പ് വരുത്തുന്നതിന് വേണ്ടിയുള്ള തീവ്രയജ്ഞ പരിപാടിയായി ആവിഷ്കരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉടനീളം മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ